

SHRI SANGAMESHANANDA VEDIC FOUNDATION

# ധർമ്മയുഗ പ്രവേശിക 2026









രക്ഷാധികാരി
മഹാമണ്ഡലേശ്വർ H.H സ്വാമി
പ്രഭാകരാനന്ദ സരസ്വതി

മുഖ്യ രക്ഷാധികാരി
സംപൂജ്യ മഹാമണ്ഡലശ്വർ
സ്വാമി ആനന്ദവനം ഭാരതി മഹാരാജ്

രക്ഷാധികാരി
ക്ഷേത്രം തന്ത്രി നെടുമ്പിള്ളി
തരണനെല്ലൂർ സതീശൻ നമ്പൂതിരിപ്പാട്

ശ്രീ സംഗമേശാനന്ദ വേദിക് ഫൗണ്ടേഷൻ
ശ്രീ രുദ്രാപീഠം ഇരിഞ്ഞാലക്കുടയുടെ ആഭിമുഖ്യത്തിൽ

# ശ്രീ ലക്ഷ്മീ-നൃസിംഹ ധന്വന്തരീ യജ്ഞം

**2026 MAY 18 19 20 21**

പുണ്യ പുരാതന ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം
ചെമ്മണ്ട, ഇരിഞ്ഞാലക്കുട





മുഖ്യ ആചാര്യ
സാധ്വി ദേവി
സംഗമേശാനന്ദ സരസ്വതി
പീഠാധീശ്വർ, SSVF ശ്രീ രുദ്രാപീഠം

യജമാനൻ & പത്നി
പ്രശസ്തതന്ത്രി ശ്രേഷ്ഠൻ
സൂര്യകാലടി സൂര്യൻ
ജയസൂര്യൻ ഭട്ടതിരിപ്പാടും
ധർമപത്നി ശ്രീകല ഭട്ടതിരിപ്പാടും

മുഖ്യ കാർമ്മികൻ
മാളികപ്പുറം മുൻ മേൽശാന്തി
ബ്രഹ്മശ്രീ ശംഭു നമ്പൂതിരിപ്പാട്

## ധർമ്മനിഷ്ഠരായ മഹത്തുക്കളേ..

മാനവരാശിക്ക് കാലാനുസൃതമായി ഉണ്ടായ് കൊണ്ടിരിക്കുന്ന ജീവിത ശൈലി വ്യതിയാനങ്ങളിലും, ആധുനികതയുടെ ഭാവത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ധർമ്മച്യുതിയിലും ആശ്ചര്യപ്പെടുത്തുന്നതായി ഒന്നും തന്നെ ഇല്ല. ഇത് കലിയുഗമാണ്. ഈ യുഗധർമ്മമാണ് കലഹം, അത്യാഗ്രഹം, ദുഷ്ടബുദ്ധി മുതലായവ. ധർമ്മം ക്ഷയിക്കുന്ന കാലം. ഈ കാലത്ത് അനുഭവപ്പെടുന്ന കഷ്ടതകൾ ക്കെല്ലാം പരിഹാരവും ഉണ്ട് എന്നതും, അത് നമ്മിൽ തന്നെ നിക്ഷിപ്തമാണെന്നും തിരിച്ചറിയേണ്ട സമയമായി.
ധർമനിഷ്ടമായ ജീവിതവും, അതിലേക്ക് നയിക്കുന്ന ആചാരങ്ങളും കർമ്മങ്ങളും അവലംബിക്കുക എന്നതു മാത്രമാണ് ഇതിന് ഏക പരിഹാരം. ഈ ലക്ഷ്യത്തോടെ എല്ലാ ജനങ്ങളേയും ഭാഗഭാക്കാക്കിക്കൊണ്ട് ധനധാന്യ സമൃദ്ധിക്കും, ആയുരാരോഗ്യ സൗഖ്യത്തിനും, കുടുംബ സന്താന പുരോഗതിക്കും, വ്യാപാരവ്യവസായ പുരോഗതിക്കും, പ്രകൃതി ഗോ സംരക്ഷണത്തിനും വേണ്ടി ഈശ്വരേച്ഛപ്രകാരം ഋഷിപരമ്പരയുടെ അനുഗ്രഹത്തോടെ, ശ്രീ സംഗമേശാനന്ദ വേദിക് ഫൗണ്ടേഷൻ രുദ്രാപീഠത്തിന്റെ ആഭിമുഖ്യത്തിൽ മാളികപ്പുറം മുൻമേൽ ശാന്തി **ബ്രഹ്മശ്രീ ശംഭു നമ്പൂതിരിപ്പാടിന്റെ** മുഖ്യകാർമ്മികത്വത്തിലും, പ്രശസ്തതന്ത്രി ശ്രേഷ്ഠൻ **സൂര്യകാലടി സൂര്യൻ ജയസൂര്യൻ ഭട്ടതിരി പാടിന്റെയും** ധർമ്മപതിയുടേയും യജമാനത്ത്വം അലങ്കരിക്കുന്ന ഈ മഹായജ്ഞത്തിൽ മഹാഗണപതി, ഗായത്രീദേവി, മഹാലക്ഷ്മീ, നൃസിംഹം, ധന്വന്തരീ മൂർത്തി, നവഗ്രഹങ്ങൾ എന്നീ ദേവതകൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ട് നൃസിംഹ ധന്വന്തരി മഹായജ്ഞം 2026 മേയ് മാസം 18, 19, 20, 21 തിയ്യതികളിൽ ഇരിഞ്ഞാലക്കുട ചെമ്മണ്ടയിൽ സ്ഥിതി ചെയ്യുന്ന പുണ്യപുരാതന ക്ഷേത്രമായ ശ്രീസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ഗാത്രത്തിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. അഗ്നികർമ്മങ്ങൾക്ക് പ്രാധാന്യം അനിവാര്യമായ ഈ കലികാലത്തിൽ എത്രയും കൂടുതൽ അഗ്നികർമ്മങ്ങളിൽ സംബന്ധിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. യജ്ഞഭൂമിയായ ഇരിഞ്ഞാലക്കുടയിലെ ജനങ്ങൾ ഒത്തൊരുമിച്ച് നിർവ്വഹിക്കുന്ന ഈ യജ്ഞം ലോക നന്മയെ ലക്ഷ്യം വെക്കുന്നു.

കേരളം, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങി ഭാരതത്തിന്റെ വിവിധയിടങ്ങളിലായി നടത്തുന്ന ഈ ധർമ്മയുഗ പ്രവേശികാ യാത്രയിൽ ധർമ്മനിഷ്ഠരായ ജീവിത പുരോഗതിയെ ഇച്ഛിക്കുന്ന ഓരോ മഹത്തുക്കളുടേയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ ക്ഷണിക്കുന്നു. യജ്ഞത്തിന്റെ വിശദ വിവരങ്ങൾ വഴിയെ അറിയിക്കുന്നതായിരിക്കും.

എന്ന്
ധർമ്മ സേവയിൽ,



സെക്രട്ടറി
**രഞ്ജിത്ത് ബാലാജി**
**9769 967 733**
ശ്രീരുദ്രാ പീഠം, ഇരിഞ്ഞാലക്കുട.

കൂടുതൽ വിവരങ്ങൾക്ക്
**OFFICE : 8136 851 426**
www.shrirudraapeedom.com | www.dharmayugam.com